"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് - ജീവനക്കാര്യം - കോട്ടയം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പൂർണ്ണ അധിക ചുമതല ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീമതി അനു കുഞ്ചറിയക്ക് നൽകിയ നടപടി സാധൂകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.202/2024/POWER തീയതി,തിരുവനന്തപുരം, 22-10-2024

---

പരാമർശം:-

1. സ.ഉ.(സാധാ.) നം. 211/2023/പവർ തീയതി: 27.11.2023.
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 08.12.2023-ലെ സി.ഇ.ഐ./11290/2023-ഇ1 നമ്പർ ഉത്തരവ്.
3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 16.06.2024-ലെ സി.ഇ.ഐ./11290/2023-ഇ1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറായിരുന്ന ശ്രീ.സോമൻ കെ.കെ. വിജിലൻസ് ട്രാപ് കേസുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായതിനാൽ കോട്ടയം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനം ഉറപ്പ വരുത്തുന്നതിനായി ടി കാര്യാലയത്തിലെ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീമതി.ഷാമില എച്ച്-ന് അധിക ചുമതല നൽകിയിരുന്നു. എന്നാൽ പരാമർശം 1)ലെ ഉത്തരവ് പ്രകാരം ശ്രീമതി.അനു കുഞ്ചറിയ 01.12.2023-ന് കോട്ടയം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചിരുന്ന സാഹചര്യത്തിൽ കോട്ടയം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പൂർണ്ണ അധിക ചുമതല സീനിയർ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടറായ ശ്രീമതി.അനു കുഞ്ചറിയക്ക് സർക്കാരിന്റെ സാധൂകരണത്തിനു വിധേയമായി നൽകിയ പരാമർശം 2.ലെ നടപടി സാധൂകരിക്കണമെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം 3. പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പൂർണ്ണ അധിക ചുമതല 08.12.2023 തീയതി പ്രാബല്യത്തിൽ ടി കാര്യാലയത്തിലെ സീനിയർ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീമതി.അനു കുഞ്ചറിയക്ക്

സർക്കാരിന്റെ സാധൂകരണത്തിനു വിധേയമായി നൽകിയ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പരാമർശം 2.ലെ നടപടി സാധൂകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PREETHY C S

ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ശ്രീമതി.അനു കുഞ്ചറിയ, ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ. (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 22-10-2024 10:47:54
സെക്ഷൻ ഓഫീസർ